# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 248* 11.10.2011 ൽ മറുപടിക്ക്

## റോഡു വികസനത്തിനായി ഏറ്റെടുത്ത ഭൂമിയിലെ കയ്യേറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. ബി സത്യൻ<br>ശ്രീ. രാജു എബ്രഹാം | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ)ദേശീയ, സംസ്ഥാന പാതകളുടെ വികസന (വളവു നിവർത്തൽ) പ്രവർത്തനത്തിനു ശേഷം അധികരിച്ചതും ഭാവിയിൽ വികസനത്തിനായി ഏറ്റെടുത്തിട്ടിരിക്കുന്നതുമായ ഭൂമിയിൽ അനധികൃതമായി നടന്നിട്ടുള്ള കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി)വികസനപ്രവർത്തനത്തിനു ശേഷം അധികമായി വന്നിട്ടുള്ള ഭൂമി കമ്പോള വിലയ്ക്ക് ലേലം ചെയ്ത് മുതൽ കൂട്ടാനോ വകുപ്പുകൾക്ക് നേരിട്ടുള്ള ഉപയോഗത്തിന് വിധേയമാക്കാനോ നടപടി സ്വീകരിക്കുമോ ; | (ബി) ലേലം ചെയ്ത് മുതൽ കൂട്ടാൻ ഉദ്ദേശിക്കുന്നില്ല. ഇത്തരത്തിലുള്ള ഭൂമി സംസ്ഥാനത്തിന്റെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നവ അത്തരത്തിലും ബാക്കിയുള്ളത് പൊതു സ്വകാര്യ പഞ്ചായത്ത് സംയുക്ത പദ്ധതികളിലൂടെ ഭക്ഷ്യോല്പാദന വർദ്ധനവ്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാന വർദ്ധനവ് എന്നിവയ്ക്കായി ഉപയോഗിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി)വികസനത്തിനായി ഏറ്റെടുത്തിരി ക്കുന്ന ഭൂമി എത്രയും പെട്ടെന്ന് ഉപയോഗപ്പെടുത്തി റോഡുകളുടെ വീതി കൂട്ടി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) റോഡുകളുടെ വീതികൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ